കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - കൌൺസിൽ വിഭാഗം - ശുചീകരണതൊഴിലാളികളെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1677/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 25/6/2013

പരാമർശം : 1.സ.ഉ(സാധാ) 2748/06/തസ്വഭവ തീയതി 3/11/2006
2.10/7/2012 ലെ 56056/EU3/11/തസ്വഭവ നമ്പർ സർക്കുലർ
3.തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 11/6/2013 ലെ സി1/1785/12 നമ്പർ കത്ത്

ഉത്തരവ്

പരാമർശം 3 ലെ തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 11/6/2013 ലെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനായി 300 (മുന്നൂറ്) ശുചീകരണ തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്ക് ആവശ്യമായ ചെലവ് തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണ്.

മേൽ പരാമർശം 1, 2 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമായിരിക്കണം മേൽപറഞ്ഞ നിയമനങ്ങൾ നടത്തേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ